LIBRARY ARCHIVES Kerala Legislative Assembly

**അഞ്ചുലക്ഷം തൊഴിലവസരങ്ങൾ സൃഷ്ടിക്കുമെന്ന പ്രഖ്യാപനം**

167 (2187) ശ്രീ. കെ. സി. ജോസഫ് :
ശ്രീ. എൽദോസ് കുന്നപ്പിള്ളി :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. അനൂപ് ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അഞ്ചുവർഷം കൊണ്ട് അഞ്ചുലക്ഷം തൊഴിലവസരങ്ങൾ സൃഷ്ടിക്കുമെന്ന പ്രഖ്യാപനം നടപ്പിലാക്കുവാൻ ഇതുവരെ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്;

(ബി) വിനോദസഞ്ചാര രംഗത്ത് എത്ര തൊഴിലവസരങ്ങൾ സൃഷ്ടിക്കുവാനാണ് ലക്ഷ്യമിട്ടിരുന്നത്;

(സി) ദേശീയ പാതയോരത്തെ ബിയർ-വൈൻ പാർലറുകൾ പൂട്ടിയത് ടൂറിസം രംഗത്ത് തൊഴിലവസരങ്ങൾ നഷ്ടപ്പെടുത്തുമോയെന്ന് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ ഇതുമൂലമുണ്ടായ തൊഴിലവസരനഷ്ടം എപ്രകാരം പരിഹരിക്കുവാനാണ് ഉദ്ദേശിക്കുന്നത്?

ഉത്തരം

(എ) തൊഴിൽ വകുപ്പിനുകീഴിൽ സംസ്ഥാനത്തെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ മുഖേനയുള്ള നിയമനനടപടികൾ ത്വരിതപ്പെടുത്തുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. അതിനൊപ്പം "നിയുക്തി" ജോബ്ഫെയർ മുഖേനയും എംപ്ലോയബിലിറ്റി സെന്ററുകൾ മുഖേനയുള്ള ജോബ് ഡ്രൈവുകൾ വഴിയും സ്വകാര്യ മേഖലയിൽ നിലവിലുള്ള തൊഴിലവസരങ്ങൾ ഉദ്യോഗാർത്ഥികൾക്ക് പരമാവധി ലഭ്യമാക്കിവരുന്നു.

(ബി&സി) വിവരം ശേഖരിച്ചുനൽകുന്നതാണ്.

**സംസ്ഥാനത്തെ തൊഴിൽ നിയമങ്ങൾ**

168 (2188) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തൊഴിൽ നിയമങ്ങൾ ശരിയായി നിർവ്വഹിക്കുന്നതിലേക്കായി എന്തെല്ലാം നടപടികൾ സർക്കാർ സ്വീകരിച്ചുവരുന്നു എന്ന് അറിയിക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ നിയമങ്ങൾ ശരിയായി നടപ്പിലാക്കേണ്ടതിന്റെ ആവശ്യകത തൊഴിൽദായകരെ ബോധ്യപ്പെടുത്തുന്നതിലേക്കായി പ്രചാരണങ്ങൾ നടത്തുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) ഈ നിയമങ്ങൾ നടപ്പിലാക്കുന്നത് സുതാര്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) എങ്കിൽ അവ എന്തെന്ന് അറിയിക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് എൻഫോഴ്സ്മെന്റ് വിഭാഗം ജില്ലാ ലേബർ ഓഫീസർമാരുടെ നേതൃത്വത്തിൽ 101 അസിസ്റ്റന്റ് ലേബർ ഓഫീസർമാർ ഉൾപ്പെടുന്ന എൻഫോഴ്സ്മെന്റ് വിഭാഗം 1960-ലെ കേരള ഷോപ്പ്സ് & കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് നിയമപ്രകാരം കടകളിലും വാണിജ്യസ്ഥാപനങ്ങളിലും പരിശോധനകൾ നടത്തുകയും കണ്ടെത്തുന്ന നിയമലംഘനങ്ങൾക്ക് നോട്ടീസ് നൽകി തുടർനടപടികൾ സ്വീകരിക്കുകയും മിനിമം വേതനം നൽകാത്ത കേസുകളിൽ ക്ലെയിം പെറ്റീഷനും മറ്റ് വിവിധ നിയമലംഘനങ്ങൾക്ക് പ്രോസിക്യൂഷനും ഫയൽ ചെയ്തുവരുന്നു. 2017-ൽ നാളിതുവരെ 10380 സ്ഥാപന പരിശോധനകൾ നടത്തുകയും 1437 പ്രോസിക്യൂഷനും 121 ക്ലെയിം പെറ്റീഷനും ഫയൽ ചെയ്യുകയും ചെയ്തിട്ടുണ്ട്. കൂടാതെ അസംഘടിത മേഖലയിലെ തൊഴിലാളികൾക്ക് മിനിമം വേതനം ലഭ്യമാക്കുന്നതിനും വേതന വിതരണത്തിൽ സുതാര്യത ഉറപ്പുവരുത്തുന്നതിലേയ്ക്കുമായി വേതന സുരക്ഷാ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. എൻഫോഴ്സ്മെന്റ് വിഭാഗം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി അസിസ്റ്റന്റ് ലേബർ ഓഫീസർമാരുടെ അവലോകന യോഗങ്ങളും നടത്തുന്നു. തൊഴിൽ നിയമങ്ങളെക്കുറിച്ച് ജീവനക്കാർക്ക് ആവശ്യമായ പരിശീലനവും നൽകിവരുന്നു. ഈ സർക്കാർ അധികാരമേറ്റശേഷം 18-6-2016-ന് സംസ്ഥാനമൊട്ടാകെയുള്ള 42 ടെക്സ്റ്റൈൽ ഷോപ്പുകളിൽ നടത്തിയ സ്പെഷ്യൽ പരിശോധനയിൽ വിവിധ തൊഴിൽ നിയമപ്രകാരമുള്ള ലംഘനങ്ങൾ കണ്ടെത്തുകയും ആയത് പരിഹരിക്കുന്നതിന് നോട്ടീസ് നൽകുകയും ചെയ്തു. തൊഴിൽ വകുപ്പിന്റെ ശക്തമായ ഇടപെടലിനെത്തുടർന്ന് മിക്ക സ്ഥാപനങ്ങളും അപാകതകൾ പരിഹരിച്ച് രേഖകൾ ഹാജരാക്കിയിട്ടുണ്ട്. നിയമലംഘനങ്ങൾ പരിഹരിക്കാത്ത സ്ഥാപന ഉടമകൾക്കെതിരെ ക്ലെയിം പെറ്റീഷൻ,

പ്രോസിക്യൂഷൻ എന്നീ നിയമനടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. തൊഴിൽ വകുപ്പ് ആരംഭിച്ച കോൾ സെന്റർ മുഖേന വകുപ്പിനെ സംബന്ധിച്ചുള്ള സംശയങ്ങളും പരാതികളും 155214/180042555214 എന്നീ നമ്പരുകളിൽ രാവിലെ 7 മണി മുതൽ വൈകുന്നേരം 7 മണി വരെയുള്ള സമയത്ത് വിളിച്ച് പരിഹാരം കാണാവുന്നതാണ്. ഹെൽപ്പ്ലൈനിലൂടെ ലഭിക്കുന്ന പരാതികൾ തത്സമയം രജിസ്റ്റർ ചെയ്യപ്പെടുകയും അതാത് ഇൻസ്പെക്ടർമാർക്ക് യഥാസമയം തന്നെ അതിന്മേൽ നടപടി സ്വീകരിക്കുന്നതിനും കഴിയുന്നു.

(ബി) പരിശോധിക്കുന്നതാണ്.

(സി) നടപടി സ്വീകരിക്കും.

(ഡി) വിവിധ തൊഴിൽ നിയമങ്ങൾ പ്രകാരമുള്ള രജിസ്ട്രേഷൻ, റിന്യൂവൽ എന്നിവയ്ക്ക് ഓൺലൈൻ സംവിധാനം മുഖേന അപേക്ഷിക്കുന്നതിനായി ലേബർ കമ്മീഷണറേറ്റ് ഓട്ടോമേഷൻ സിസ്റ്റം (LCAS) നടപ്പിലാക്കിയിട്ടുണ്ട്. ഇൻസ്പെക്ഷനും തുടർനടപടികളും ബന്ധപ്പെട്ട മേലുദ്യോഗസ്ഥർക്കുകൂടി നിരീക്ഷിക്കാവുന്നതരത്തിൽ ഓൺലൈൻ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. അസംഘടിത മേഖലയിലെ തൊഴിലാളികൾക്ക് മിനിമം വേതനം ലഭ്യമാക്കുന്നതിനായി വേതന സുരക്ഷാ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. പദ്ധതിവഴി തൊഴിലാളികൾക്ക് ബാങ്ക് മുഖേന വേതനം ലഭ്യമാക്കുന്നതോടൊപ്പം നിയമം അനുശാസിക്കുന്ന കുറഞ്ഞ വേതനം യഥാസമയം തൊഴിലാളികൾക്ക് ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനും കൂടാതെ തൊഴിലാളികൾക്ക് വേജ് സ്ലിപ്പ് നേരിട്ട് ഓൺലൈൻ മുഖേന ലഭ്യമാക്കുന്നതിനും കഴിയുന്നതാണ്. 1948-ലെ മിനിമം വേതന നിയമപ്രകാരവും 1936-ലെ വേതനം കൊടുക്കൽ നിയമപ്രകാരവും നിശ്ചയിക്കപ്പെട്ട വേതനം തൊഴിലാളികൾക്ക് കൃത്യസമയത്ത് ലഭ്യമാകുന്നുണ്ടോയെന്ന് തൊഴിൽ വകുപ്പിലെ ഇൻസ്പെക്ടർമാർക്ക് ഓൺലൈനായിത്തന്നെ പരിശോധിക്കുന്നതിനും ഇതിൽ വീഴ്ചവരുത്തുന്ന സ്ഥാപനങ്ങൾക്കെതിരെ നിയമനടപടികൾ സ്വീകരിക്കാനും കഴിയും. തൊഴിൽ വകുപ്പ് ആരംഭിച്ച കോൾസെന്റർ മുഖേന വകുപ്പിനെ സംബന്ധിച്ചുള്ള സംശയങ്ങളും പരാതികളും 155214/180042555214 എന്നീ നമ്പരുകളിൽ രാവിലെ 7 മണി മുതൽ വൈകുന്നേരം 7 മണി വരെ വിളിച്ച് പരിഹരിക്കാവുന്നതാണ്. ഹെൽപ്പ്ലൈനിലൂടെ ലഭിക്കുന്ന പരാതികൾ തത്സമയം രജിസ്റ്റർ ചെയ്യപ്പെടുകയും അതാത് ഇൻസ്പെക്ടർമാർക്ക് യഥാസമയം പരിഹരിക്കുന്നതിനും കഴിയുന്നു.

LIBRARY ARCHIVES Kerala Legislative Assembly